**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2196** **16.08.2017-ൽ മറുപടിക്ക്**

## ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ് പ്രവർത്തന സംവിധാനം

| | ചോദ്യം<br>ശ്രീ വി.പി.സജീന്ദ്രൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.ഡി.സതീശൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വലിയ അളവിൽ വൈദ്യുതി കൊണ്ടുവരാൻ ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ് പ്രവർത്തന സംവിധാനം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. ചത്തീസ്ഗഡ്, സംസ്ഥാനത്തെ റായിഗർ എന്ന സ്ഥലത്തു നിന്നും തമിഴ് നാട്ടിലെ പുഗല്ലൂർ വഴി 2000 മെഗാവാട്ട് ശേഷിയുള്ള 320 കെ.വി എച്ച്.വി.ഡി.സി ലൈൻ കേരളത്തിലെ മാടക്കത്തറയിലേക്ക് (തൃശൂർ) വലിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് പവർ ഗ്രിഡ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഈ പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ; | (സി) | ധനസമാഹരണം പവർഗ്രിഡ് കോർപ്പറേഷനാണ് നടത്തുന്നത്. പ്രസരണ ചാർജ്ജായി ഉപയോഗമനുസരിച്ച് ഇത് താരിഫ് വഴി സി. ഇ. ആർ.സി (സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ) റഗുലേഷൻ പ്രകാരം പവർഗ്രിഡ് കോർപ്പറേഷൻ വാങ്ങുന്നതാണ്. |
| (ഡി) | പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ പദ്ധതി 2019-20-ൽ പൂർത്തിയാക്കാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. |

Hemalatha

**സെക്ഷൻ ഓഫീസർ**